2026
APRIL
03
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






*40 നാൾ നീണ്ടുനിന്ന വലിയ നോമ്പിന്റെ സുപ്രധാന ദിനമായ പെസഹ വ്യാഴ തിരുകർമ്മങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് വരാപ്പുഴ അതിരൂപത ഭദ്രാസന ദേവാലയമായ എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വച്ച് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ പിതാവ് തിരഞ്ഞെടുക്കപ്പെട്ട ശിഷ്യപ്രതിനിധികളുടെ കാലുകൾ കഴുകി ചുംബിക്കുന്നു. കത്തോലിക്ക സഭയോട് ചേർന്ന് വരാപ്പുഴ അതിരൂപതയും ഇന്ന് പെസഹാ വ്യാഴ തിരുകർമ്മങ്ങൾ ആചരിച്ചു. പരിശുദ്ധ ദിവ്യകാരുണ്യ സ്ഥാപന ദിനഓർമ്മയും പൗരോഹിത്യ വാർഷികവും പരസ്നേഹ പ്രവർത്തികളുടെ പ്രാധാന്യവും ഉൾക്കൊണ്ടാണ് ഈ ചടങ്ങുകൾ സംഘടിപ്പിക്കപ്പെട്ടത്.*

## നിയമസഭാ തിരഞ്ഞെടുപ്പ്; വരവ് ചെലവ് പരിശോധന നാളെ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ വരവ് ചെലവ് രജിസ്റ്ററിന്റെ ഇന്ന് നടത്താനിരുന്ന രണ്ടാംഘട്ട പരിശോധന നാളേക്ക് മാറ്റിമായതായി അറിയിച്ചു. കളമശ്ശേരി, പറവൂർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ പരിശോധന നാളെ കളക്ടറേറ്റ് സ്പാർക്ക് ഹാളിലും തൃക്കാക്കര, മൂവാറ്റുപുഴ, പിറവം, കോതമംഗലം നിയോജകമണ്ഡലത്തിലെ സ്ഥാനാർഥികൾക്ക് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കൗൺസിൽ ഹാളിലും നടക്കും. ഏപ്രിൽ 6, 7 തീയതികളിലെ പരിശോധന മുൻനിശ്ചയിച്ച പ്രകാരവും നടക്കും.

# തിരഞ്ഞെടുപ്പ്: ആരോഗ്യ വകുപ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി:** ഏപ്രിൽ 9ന് നടക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി അരോഗ്യവകുപ്പിന്റെ തയ്യാറെടുപ്പുകൾ പൂർണമായതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ: ഷാഹിർ ഷാ ആർ അറിയിച്ചു.

മുന്നൊരുക്കങ്ങളുടെ ഭാഗമായി നിയോജകമണ്ഡലങ്ങൾ അടിസ്ഥാനത്തിലുള്ള ആരോഗ്യ ഏകോപന സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ജില്ലയിൽ ജനകീയ ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ നിർദ്ദിഷ്ട ആരോഗ്യ സേവനങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കുന്നതിനുള്ള സജ്ജീകരണങ്ങളും പൂർത്തിയായി. ജില്ലാതല ഏകോപന സമിതി ജില്ലാ ഭരണകൂടവുമായി ചേർന്ന് ആരോഗ്യ സേവനങ്ങൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. ഇതിന് ആവശ്യമായ പരിശീലനങ്ങൾ ജില്ലാ തലത്തിൽ നടന്നു വരികയാണ്.

അത്യുഷ്ണം കണക്കിലെടുത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രവർത്തകരും ആവശ്യത്തിന് വെള്ളം കുടിക്കാൻ പ്രത്യകം ശ്രദ്ധിക്കണം. നിർജലീകരണം തടയാൻ ഉപ്പിട്ട നാരങ്ങാവെള്ളം, കഞ്ഞിവെള്ളം, സംഭാരം, കരിക്ക് വെള്ളം എന്നിവ കുടിക്കണം, ദാഹം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും ഇടയ്ക്കിടെ വെള്ളം കുടിക്കേണ്ടതാണ്.

പ്രചാരണ, തെരഞ്ഞെടുപ്പു പ്രവർത്തനങ്ങൾക്കിടയിലും വിശ്രമത്തിനുള്ള സമയം കണ്ടെത്തണം.

ദിവസേന 6 മുതൽ 8 മണിക്കൂർ ഉറങ്ങണം രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ ഉള്ളവർ കൃത്യമായി പരിശോധന നടത്തുകയും ഡോക്ടറുടെ നിർദ്ദേശ പ്രകാരം സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ മുടങ്ങാതെ കഴിക്കുകയും വേണം.

അയഞ്ഞ ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കണം. പുറത്തിറങ്ങുമ്പോൾ തൊപ്പിയോ, കുടയോ ഉപയോഗിക്കണം പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ ശുദ്ധജലം, തണൽ എന്നിവ ഉറപ്പുവരുത്തണം.

പ്രവർത്തനത്തിന്റെ ഭാഗമായി നൽകുന്ന പാനീയങ്ങളിൽ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക, പകൽ 11 മുതൽ വൈകുന്നേരം മൂന്നു വരെ പുറത്തിറങ്ങുന്നവർ ആവശ്യത്തിന് മുൻകരുതലുകൾ എടുക്കണം.

കാപ്പി, ചായ, കാർബണേറ്റഡ് ലഘുപാനീയങ്ങൾ എന്നിവ പകൽ സമയത്ത് ഒഴിവാക്കണം. പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കണം.

അമിതമായി ക്ഷീണം, തലകറക്കം, തലവേദന, പേശിവലിവ് ശരീരത്തിൽ ചുവന്ന പാടുകൾ എന്നിവ കാൽ തണലുള്ള സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളിൽ കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ തനിച്ച് ഇരുത്തി പോകരുത്. അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യണമെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.

# ഇൻഷുറൻസിൽ റൈഡറുകൾ പ്രധാനമെന്ന് വിദഗ്ദർ

**കൊച്ചി:** ഇൻഷുറൻസിൽ റൈഡറുകൾ പ്രധാനമാണെന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നു. അടിസ്ഥാനപരമായി ലൈഫ് ഇൻഷുറൻസ് അനിശ്ചിതത്വത്തിനുള്ള തയ്യാറെടുപ്പാണ്. എന്നാൽ ജീവിച്ചിരിക്കുമ്പോൾ പോളിസി ഉടമക്ക് ഉണ്ടാകാവുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനാണ് ആഡ്-ഓണുകൾ എന്നും അറിയപ്പെടുന്ന റൈഡറുകൾ.

അടിസ്ഥാന ഇൻഷുറൻസ് പോളിസിയുടെ കവറേജ് വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്ഷണൽ ആനുകൂല്യങ്ങളാണ് ഇത്. ഒന്നിലധികം പോളിസികൾ വാങ്ങേണ്ട ആവശ്യമില്ലാതെ, ഗുരുതരമായ രോഗം, ആകസ്മിക വൈകല്യം അല്ലെങ്കിൽ വരുമാനനഷ്ടം പോലുള്ള പ്രത്യേക അപകടസാധ്യതകൾ പരിഹരിക്കുന്നതിനാണ് അവ രൂപകൽപ്പന ചെയ്തിരിക്കുന്നതിനാൽ ഇവ പ്രധാനമാണെന്ന് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് സീനിയർ വൈസ് പ്രസിഡന്റും പ്രൊഡക്റ്റ് മാനേജ്മെന്റ് മേധാവിയുമായ വൈഭവ് കുമാർ പറഞ്ഞു.

മെച്ചപ്പെടുത്തിയ കവറേജ്, ചെലവ് കുറഞ്ഞ റിസ്ക് പരിരക്ഷ, പ്രതിസന്ധി ഘട്ടത്തിൽ സമഗ്രമായ സാമ്പത്തിക പിന്തുണ, പ്രീമിയം ഒഴിവാക്കൽ, നികുതി കാര്യക്ഷമത, സൗകര്യവും വഴക്കവും എന്നീ കാര്യങ്ങളിൽ റൈഡറുകൾ സാമ്പത്തിക സുരക്ഷയെ ശക്തിപ്പെടുത്തും.

ഗുരുതര രോഗങ്ങൾ, ആകസ്മിക മരണവും വൈകല്യവും, പ്രീമിയം ഇളവ്, ആദായ ആനുകൂല്യം റൈഡറും എന്നിവയാണ് ജനപ്രിയ റൈഡറുകൾ. ഇൻഷുറൻസ് റൈഡറുകൾ ചെറുതായി കാണപ്പെട്ടേക്കാമെങ്കിലും പ്രതിസന്ധി ഘട്ടങ്ങളിൽ അവയുടെ സ്വാധീനം പ്രധാനമായിരിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഇന്നത്തെ പരിപാടി

### പെരുമ്പാവൂർ

■ **കീഴില്ലം ആരുവല്ലിക്കാവ് ദുർണ്ണാ ഭദ്രകാളി ക്ഷേത്രം :** സർപ്പ പ്രതിഷ്ഠാ ദിനാഘോഷം രാവിലെ 10.30 മുതൽ കലശാഭിഷേകം.

### മൂവാറ്റുപുഴ

■ **വാഴപ്പിള്ളി ക്രിസ്തുരാജ റോമൻ കത്തോലിക്ക ദൈവാലയം :** വിശുദ്ധ വാര തിരുകർമങ്ങൾ ഉച്ചയ്ക്ക് 12 മണി മുതൽ കുരുശിന്റെ വഴി, കർത്താവിന്റെ പീഡാസഹനത്തിന്റെ ആചരണം, വിശുദ്ധ കുരിശിന്റെ പ്രദർശന സമയം തുടർന്ന് നാഗരികാണിക്കൽ.

### കോലഞ്ചേരി

■ **വടയമ്പാടി ഗുരുവർഷം 15൦ സ്മാരകഹാൾ :** വടയമ്പാടി എസ്.എൻ.ഡി.പി ശാഖയുടെ ആഭിമുഖ്യത്തിലുള്ള ഗുരുധർമ്മ സത്സംഗം വൈകിട്ട് 5.30 മുതൽ.

### കോതമംഗലം

■ **കോതമംഗലം മാർ തോമ ചെറിയ പള്ളി :** കഷ്ടാനുഭവ ആഴ്ചയിലെ ദുഃഖ വെള്ളിയാഴ്ച ശുശ്രൂഷകൾ രാവിലെ 7:30 ന് പ്രാർത്ഥനയോടെ ആരംഭിക്കും. കർത്താവിന്റെ കാൽവരിയിലേക്കുള്ള കുരിശ് വഹിച്ചു കൊണ്ടുള്ള യാത്രയെ അനുസ്മരിച്ചു കൊണ്ട് പള്ളിയിൽ പ്രദക്ഷിണവും തുടർന്ന് സ്ലീബാ വന്ദനവും ക്രമീകരിച്ചിട്ടുണ്ട്.

### കാലടി

■ **കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ :** കാഞ്ഞൂർ മരിയൻ ഫുട്ബോൾ അക്കാദമി സംഘടിപ്പിക്കുന്ന അവധിക്കാല ഫുട്ബോൾ പരിശീലനക്യാമ്പ് രാവിലെ 6.30 മുതൽ.

ഷൂട്ട് @ സൈറ്റ്



**മഴവിൽ നിറവിൽ.....** *ടെട്രോപ്പാഡിന്റെ നിർമ്മാണം പൂർത്തിയാക്കി മനോഹരമാക്കിയ ചെല്ലാനം മറുവക്കാട്ടിലെ കടൽഭിത്തി.*

# ഉയരുന്ന ചെലവുകൾ: പ്രിന്റിംഗ് സേവന നിരക്കിൽ വർധനവ് പ്രഖ്യാപിച്ച് കെ.എം.പി.എ

**കൊച്ചി:** രാജ്യത്തുടനീളം പ്രിന്റിംഗ്-പാക്കേജിംഗ് മേഖലയെ ബാധിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലവർധനവിന്റെ പശ്ചാത്തലത്തിൽ, കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ (കെ.എം.പി.എ.) സംസ്ഥാനത്തുടനീളം പ്രിന്റിംഗ് സേവന നിരക്കുകളിൽ വർധനവ് വരുത്തിയതായി അറിയിച്ചു.

കഴിഞ്ഞ ചില മാസങ്ങളായി പേപ്പർ, പേപ്പർബോർഡ്, മഷി, കെമിക്കൽസ്, പ്രിന്റിംഗ് പ്ലേറ്റുകൾ, ഗം, ലാമിനേഷൻ ഫിലിം തുടങ്ങിയ പ്രധാന അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗോളതലത്തിലുള്ള അനിശ്ചിതത്വങ്ങളും വിതരണ ശൃംഖലയിലെ തടസ്സങ്ങളും ഈ സാഹചര്യം കൂടുതൽ ഗുരുതരമാക്കി. ഇതിന്റെ ഫലമായി പ്രിന്റിംഗ് യൂണിറ്റുകളുടെ പ്രവർത്തനച്ചെലവ് വൻതോതിൽ ഉയർന്നിരിക്കുകയാണ്. ഈ വർധനവുകൾ അച്ചടിമേഖലയെ പൊതുവായും ചെറുകിട യൂണിറ്റുകളെ പ്രത്യേകിച്ചും ബാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം, പാക്കേജിംഗ്, വാണിജ്യ അച്ചടി തുടങ്ങിയ വിവിധ മേഖലകളുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന പ്രിന്റിംഗ് വ്യവസായം ഇന്ന് കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്. അസംസ്കൃത വസ്തുക്കളുടെയും പ്രവർത്തനച്ചെലവുകളുടെയും വർധനവിനെ തുടർന്ന് നിരക്കുപരിഷ്കരണം അനിവാര്യമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, അച്ചടി നിരക്കുകൾ കുറഞ്ഞത് 20 ശതമാനമെങ്കിലും വർധിപ്പിക്കാതെ മുന്നോട്ട് പോകുന്നത് ദുഷ്കരമാണെന്ന് കെ.എം.പി.എ. പ്രസിഡന്റ് ലൂയി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ഡി. മൻമോഹൻ ഷേണായി, റോ മെറ്റീരിയൽ കമ്മിറ്റി ചെയർമാൻ എം. കൃഷ്ണമൂർത്തി എന്നിവർ അറിയിച്ചു.

അച്ചടി വ്യവസായത്തിന്റെ നിലനിൽപ്പിന് അനിവാര്യമായ ഈ തീരുമാനം 2026 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതായി അസോസിയേഷൻ അറിയിച്ചു.

## കൊച്ചി ഐ.എം.എ ഹൗസിൽ മസ്തിഷ്ക്കത്തിലെ അണുബാധ: ശിൽപശാല നാളെ

**കൊച്ചി :** കേരളത്തിലെ ന്യൂറോളജി വിഭാഗം ഡോക്ടർമാരുടെ സംഘടനയായ കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെ (കാൻ) ആഭിമുഖ്യത്തിൽ കൊച്ചി ഐ.എം.എ ഹൗസിൽ മസ്തിഷ്ക്കത്തിലെ അണുബാധയെക്കുറിച്ച് (ന്യൂറോ ഇൻഫെക്ഷൻ) ഏകദിന ശിൽപശാല നടക്കും.

തലച്ചോറിനെ ബാധിക്കുന്ന നിപ, അമീബ, മറ്റു അണുബാധകൾ എന്നിവയെക്കുറിച്ചുള്ള ശിൽപ്പശാലയിൽ ഡോ. ടി. വി സജീവ് (കെ.എഫ്.ആർ.ഐ), ഡോ.കെ. ഉമ്മർ (കോഴിക്കോട് ) ഡോ.കെ.പരമേശ്വരൻ (വൈക്കം ), ഡോ. വൈശാഖ് ആനന്ദ് (കൊച്ചി), ഡോ.ആർ.അരവിന്ദ് (തിരുവനന്തപുരം), ഡോ. വി. അനിൽകുമാർ (കൊച്ചി), ഡോ. ജയിചന്ദ് ജോൺസൺ (തിരുവനന്തപുരം), ഡോ.പി. എം. അനിത (കോഴിക്കോട്), ഡോ. പി. ഇ. ഷാനിമോൾ (ആലപ്പുഴ), ഡോ.സി. വി ഷാജി (ആലപ്പുഴ), ഡോ. ഫിജു ചാക്കോ (തൃശൂർ ), ഡോ. സുരേഷ് ചന്ദ്രൻ (തിരുവനന്തപുരം), ഡോ. സന്ദീപ് പത്മനാഭൻ (കൊച്ചി), ഡോ. രമ്യ പ്രകാശ് (തിരുവനന്തപുരം) എന്നീ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. അസ്സോസിയേഷന്റെ സാമൂഹ്യ സേവന പദ്ധതിയായ സൗജന്യ ഇസിനോഫിലിക് മെനിഞ്ചൈറ്റിസ് രോഗനിർണ്ണയ പരിശോധനയായ ആധുനിക പി.സി.ആർ ടെറ്റിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും. ശിൽപശാലയ്ക്ക് ഡോ.കെ.പി.വിനയൻ, ഡോ. വി.ജി.പ്രദീപ് കുമാർ എന്നിവർ നേതൃത്വം നൽകും.ചടങ്ങിൽ കേരള അസ്സോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെ പ്രസിഡന്റ് ഡോ. ബി രഘുനാഥ്, സെക്രട്ടറി ഡോ. വി.ടി.ഹരിദാസ്, ട്രഷറർ ഡോ. ശ്രീജിത്ത് പീടിയക്കൽ എന്നിവർ പങ്കെടുക്കും.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം:സ്പോട്ട് അഡ്മിഷന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ (എറണാകുളം), പാലക്കാട്, പൊന്നാനി (മലപ്പുറം), കോഴിക്കോട്, കല്യാശ്ശേരി (കണ്ണൂർ) കേന്ദ്രങ്ങളിൽ ഏപ്രിൽ 27ന് ആരംഭിക്കുന്ന സിവിൽ സർവ്വീസ് പ്രിലിംസ് കം മെയിൻസ് പരീക്ഷാ പരിശീലന ക്ലാസ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ രജിസ്ട്രേഷനും ഫീസ് അടയ്ക്കുന്നതിനുമുള്ള സൗകര്യം https:\\kscsa.org യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം : 8281098864, 8281098863, 0471-2313065, 2311654, 8281098861. കൊല്ലം: 8281098867, ആലുവ: 8281098873, പൊന്നാനി : 0494-2665489, 8281098868, പാലക്കാട് : 0491-2576100, 8281098869 , കോഴിക്കോട് : 0495-2386400, 8281098870, കല്യാശ്ശേരി : 8281098875.

# വനിതാമുന്നേറ്റത്തിനൊപ്പം ചേർന്നും ഗൃഹസന്ദർശനം നടത്തിയും പി. രാജീവ്

**കളമശേരി:** കളമശേരിയിൽ സംഘടിപ്പിച്ച 'വനിതാ മുന്നേറ്റ' പരിപാടിക്കൊപ്പം ചേർന്നു കൊണ്ടായിരുന്നു ഇന്നലെ രാജീവിന്റെ പ്രചാരണ പരിപാടിക്ക് തുടക്കമായത്. പെസഹാ വ്യാഴം അവധി പ്രമാണിച്ച് വാഹന പര്യടനം നടത്താതെ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നതിനു മുന്നോടിയായാണ് വനിതാമുന്നേറ്റം നടന്നത്. കളമശേരി രാജീവിനൊപ്പം എന്നെഴുതിയ ബാനറുകളുമുയർത്തി നൂറുകണക്കിനു വനിതകളാണ് മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പരിപാടിയിൽ പങ്കെടുക്കാനെത്തിയത്. മുനിസിപ്പാലിറ്റി ഓഫീസിനു മുന്നിൽ നിന്നാരംഭിച്ച വനിതാ പ്രകടനം സൗത്ത് കളമശ്ശേരിയിൽ സമാപിച്ചു. പി. രാജീവിനെ വിജയിപ്പിക്കുക എന്നെഴുതിയ തൊപ്പിയണിഞ്ഞും ചുറ്റിക അരിവാൾ നക്ഷത്രം ആലേഖനം ചെയ്ത ബലൂണുകളുമേന്തി പ്രകടനമായെത്തിയ വനിതാ മുന്നേറ്റം ബലൂണുകൾ ആകാശത്തേയ്ക്ക് പറത്തിയാണ് സമാപിച്ചത്. വനിതകളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും അതീവ പ്രാധാന്യം നൽകിയ സർക്കാരാണ് കഴിഞ്ഞ പത്തു വർഷമായി കേരളം ഭരിച്ചതെന്നതിൽ അഭിമാനമുണ്ടെന്ന് പി. രാജീവ് പറഞ്ഞു. കളമശ്ശേരിയിലെ വനിതാമുന്നേറ്റം വലിയ ആവേശമാണ് പകർന്നതെന്നും അദ്ദേഹം പറഞ്ഞു.




വനിതാമുന്നേറ്റത്തിനു ശേഷം എംഎൽഎ ഓഫീസ് സ്ഥിതി ചെയ്യുന്ന കുസാറ്റ് റോഡിലും പരിസരങ്ങളിലുമുള്ള വീടുകളിലാണ് രാജീവ് സന്ദർശിച്ചത്. ഈ ഭാഗത്തെ അൽഫിയ നഗർ, വിദ്യാനഗർ എന്നിവിടങ്ങളിലുള്ള വീട്ടുകാരിലേറെയും പേരുചൊല്ലി വിളിക്കാൻ മാത്രം സൗഹൃദമുള്ളവർ. സൗഹൃദം പുതുക്കിയ അദ്ദേഹം പെസഹാ ആശംസകളും നേർന്നു. വിദ്യാനഗറിലെ വീടുകളിൽസന്ദർശനം നടത്തിയതിനുശേഷം മേത്തർ നഗറിലെത്തി. അന്തരിച്ച എൻ.കെ സീതിയുടെ ഭവനത്തിലെത്തിയ പി.രാജീവ് കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേർന്നു. തുടർന്ന് നീറിക്കോട് ഭാഗത്തായിരുന്നു സ്ഥാനാർഥി പര്യടനം. രണ്ടു വിവാഹച്ചടങ്ങുകളിൽ പങ്കെടുത്ത ശേഷം നീറിക്കോട് സെന്റ്. സെബാസ്റ്റ്യൻസ് പള്ളിയിലേക്ക്. അവിടെ വികാരി ഫാ. പ്രവീണിനെ കണ്ട് പെസഹ ആശംസകൾ കൈമാറി. തുടർന്ന് നീറിക്കോട് തറയിൽ ഭഗവതി ക്ഷേത്രം ഉത്സവത്തിന്റെ ഭാഗമായി നടന്ന പ്രസാദ ഊട്ടിലും പങ്കെടുത്തു. ഭക്തജനങ്ങൾക്ക് ഭക്ഷണം വിളമ്പി കൊടുത്ത പി.രാജീവ് ഭക്ഷണവും കഴിച്ചാണ് മടങ്ങിയത്.

# ദേവാലയങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് ദീപക് ജോയ്



**തൃപ്പൂണിത്തുറ:** പെസഹ ദിനത്തിൽ പരസ്യ പ്രചാരണം ഒഴിവാക്കിയ യു ഡി എഫ് സ്ഥാനാർഥി ദീപക് ദേവാലയങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് പിന്തുണ അഭ്യർഥിച്ചു. ഉദയംപേരൂർ കനാട് ഓർത്തഡോക്സ് പള്ളി, തൃപ്പൂണിത്തുറ സെന്റ് മേരീസ് യാക്കോബായ പള്ളി, കണ്ടനാട് കർമേൽ പള്ളി, കണ്ടനാട് ഉണ്ണിമിശിഹ പള്ളി എന്നിവിടങ്ങളിലെത്തി വിശ്വാസികളെ ക് അനുഗ്രഹം തേടി.

നടക്കാവ് ഭഗവതി ക്ഷേത്രം ഭാരവാഹികളെ സന്ദർശിച്ച് പിന്തുണ അഭ്യർഥിച്ചു. തുടർന്ന് ഉദയംപേരൂരിൽ ഗൃഹസന്ദർശനം നടത്തി വോട്ടർമാരെ നേരിൽ കണ്ടു. അന്തരിച്ച നടൻ ശ്രീനിവാസന്റെ കണ്ടനാടുള്ള വീട്ടിലെത്തി ഭാര്യ കമലയോട് വോട്ടഭ്യർത്ഥിച്ചു. ഡീൻ കുര്യാക്കോസ് എം. പിയും സ്ഥാനാർഥിക്കൊപ്പമുായിരുന്നു. ഉച്ച കഴിഞ്ഞ് നെട്ടൂർ ഭാഗത്ത് വീടുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വോട്ട് അഭ്യർഥിച്ചു. മരട് മൂത്തേടം പള്ളിയും സ്ഥാനാർത്ഥി സന്ദർശിച്ചു. മരട് തെക്ക് എസ് എൻ ഡി പി ശാഖാ ഭാരവാഹികളെയും മരട് എൻ എസ് എസ് കരയോഗം ഭാരവാഹികളെയും സന്ദർശിച്ച് പിന്തുണ അഭ്യർഥിച്ചു.

വൈകിട്ട് പൂർണത്രയീശ ക്ഷേത്രം സന്ദർശിച്ച ശേഷം വലിയകുളം ലത്തീൻ പള്ളി, പുതിയകാവ് സെന്റ്. ഫ്രാൻസിസ് പള്ളി, എരൂർ സെന്റ് ജോർജ് പള്ളി, വടക്കേക്കോട്ട പള്ളി, എന്നിവിടങ്ങളിലെത്തി വിശ്വാസികളെ കണ്ടു. മരടിലെത്തിയ സ്ഥാനാർഥി പരമാവധി വോട്ടർമാരെ നേരിൽ കണ്ട് വോട്ടുറപ്പിച്ചു. കണ്ടനാട് സി എഫ് ടെക്ക് കമ്പനിയിലെത്തിയ ദീപക് ജോയ് യെ തൊഴിലാളികൾ സ്വീകരിച്ചു. ദു:ഖവെള്ളിയാഴ്ചയായ ഇന്നും ദീപക് ജോയ് യുടെ പരസ്യ പ്രചാരണം ഉണ്ടാവില്ല

# പിറവത്തിന്റെ വികസന സ്വപ്നങ്ങൾ പങ്കുവെച്ച് ജിബി അബ്രഹാം



*പിറവം നിയോജകമണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ജിബി അബ്രാഹമിനെ അഞ്ചൽപ്പെട്ടിയിൽ പ്രദേശവാസിയായ വീട്ടമ്മ ഷാളണിയിച്ച് സ്വീകരിച്ചപ്പോൾ.*

**പിറവം:** പിറവത്തിന്റെ വികസന സ്വപ്നങ്ങൾ പങ്കുവെച്ച് ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ജിബി അബ്രഹാമിന്റെ വാഹന പര്യടനം പുരോഗമിക്കുന്നു. പാമ്പാക്കുട പഞ്ചായത്ത്, പിറവം നഗരസഭ എന്നിവടങ്ങളിലായിരുന്നു ജിബി അബ്രഹാമിന്റെ ഇന്നലത്തെ വാഹന പര്യടനം. കൊടും ചൂടിനെപ്പോലും അവഗണിച്ച് വലിയ ആവശേത്തോടെയാണ് വിവിധ കേന്ദ്രങ്ങളിൽ പ്രദേശവാസികൾ സ്ഥാനാർത്ഥിയെ സ്വീകരിക്കാനെത്തിയത്. ഓണക്കൂർ പള്ളിപ്പടിയിൽ നിന്നും രാവിലെ ആരംഭിച്ച പര്യടനം ബി.ജെ.പി സംസ്ഥാന കമ്മിറ്റിയംഗം എം.എൻ മധു ഉദ്ഘാടനം ചെയ്തു. എൻഡിഎ നേതാക്കളായ അരുൺ മാമലശ്ശേരി, ഇ. ടി നടരാജൻ, വി. എസ് സത്യൻ, ഉണ്ണി വല്ലയിൽ, സിജു ഗോപാലകൃഷ്ണൻ, പി. എസ് അനിൽകുമാർ, ലിന്റോ വിൽസൺ, ജിതിൻ കെ. രാജൻ, പി. വൈ എബ്രഹാം, ജോസ് ജോർജ്, പ്രമോദ് കുമാർ, അയ്യപ്പൻ, നന്ദു പ്രകാശ്, ബിന്ദു പ്രകാശ്, അമ്മിണിക്കുട്ടൻ, ഗോപാലകൃഷ്ണൻ തുടങ്ങി ട്വന്റി 20-ബിജെപി പ്രവർത്തകർ കൂടെ ഉണ്ടായിരുന്നു.

# തിരഞ്ഞെടുപ്പ് ഹരിത പ്രോട്ടോകോൾ പ്രചാരണത്തിനായി 'ഹരിത വഞ്ചി' യാത്ര

**ആലപ്പുഴ:** കേരള നിയമസഭ തിരഞ്ഞെടുപ്പിൽ ഹരിത പ്രോട്ടോക്കോൾ സന്ദേശം വോട്ടർമാരിലേക്ക് എത്തിക്കുന്നതിനായി ആലപ്പുഴയിൽ 'ഹരിത വഞ്ചി' പ്രയാണം ആരംഭിച്ചു. കുട്ടനാടൻ പഞ്ചായത്തുകളിലെയും ആലപ്പുഴ നഗരസഭയിലെയും ഉൾപ്രദേശങ്ങളിലെ വോട്ടർമാരിലേക്ക് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വേറിട്ട പ്രചാരണ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ തിരഞ്ഞെടുപ്പ് വേളയിൽ ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്ന മൈക്ക് അനൗൺസ്മെന്റുകളും ബോധവൽക്കരണ ലഘുലേഖകളുടെ വിതരണവും ഹരിത വഞ്ചിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഹരിത വഞ്ചി യാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം ഡെപ്യൂട്ടി കളക്ടർ ആശ സി. എബ്രഹാം നിർവ്വഹിച്ചു. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ഷിൻസ് ഡി. ചടങ്ങിൽ സ്വാഗതം ആശംസിച്ചു. മുൻസിപ്പൽ സെക്രട്ടറി എസ്. സനിൽ, നഗരസഭ നോഡൽ ഓഫീസർ സി. ജയകുമാർ, ശുചിത്വ മിഷൻ ജില്ലാ അസിസ്റ്റന്റ് കോർഡിനേറ്റർ വി. രേവതി, എന്നിവർ സംസാരിച്ചു. ജില്ലാ പ്രോഗ്രാം ഓഫീസർ അഖിൽ പ്രകാശ്,അസിസ്റ്റന്റ് കോർഡിനേറ്റർ സിജോ രാജു, ടെക്നിക്കൽ കൺസൾട്ടന്റ് സി. ആർ. സന്ധ്യ, ബിനു ലാൽ, ഷെഹന കബീർ, ശ്യാംകുമാർ ബി, ജിഷ, സാലിൻ, ജസീന, ധനലക്ഷ്മി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ആലപ്പുഴയുടെ തനതായ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ ജലഗതാഗതത്തിലൂടെയുള്ള ഈ പ്രചാരണ രീതിക്ക് വലിയ ജനപിന്തുണയാണ് ലഭിക്കുന്നത്. വരും ദിവസങ്ങളിലും വിവിധ ഉൾനാടൻ കേന്ദ്രങ്ങളിൽ ഹരിത വഞ്ചി പര്യടനം നടത്തും.

# സ്റ്റാറ്റസ് സിംബലായ ഹാൻഡ്ബാഗുകൾ: ഫാഷൻ വ്യവസായത്തിലെ ലക്സറി ഹാൻഡ്ബാഗുകൾ

**ഇ.വി ആവണി**

ഇന്നത്തെ ഫാഷൻ ലോകത്ത് ഹാൻഡ്ബാഗുകൾ വെറും സാധനങ്ങൾ സൂക്ഷിക്കാനുള്ള ഒരു ഉപകരണമാത്രമല്ല, മറിച്ച് വ്യക്തിത്വം, സാമൂഹിക സ്ഥാനം, സാമ്പത്തിക ശേഷി എന്നിവ സൂചിപ്പിക്കുന്ന ഒരു സ്റ്റാറ്റസ് സിംബലായി മാറിയിരിക്കുകയാണ്. വസ്ത്രങ്ങൾക്ക് പൂർണത നൽകുന്ന പ്രധാന ആക്സസറീസുകളിൽ ഒന്നായി ഹാൻഡ്ബാഗുകൾ പരിഗണിക്കപ്പെടുന്നു. പ്രത്യേകിച്ച് ലക്സറി ഫാഷൻ ബ്രാൻഡുകളുടെ വളർച്ചയോടൊപ്പം, ഹാൻഡ്ബാഗുകൾക്ക് ഒരു പ്രത്യേക പ്രതീകാത്മക മൂല്യം ലഭിച്ചിരിക്കുകയാണ്.



## ഹാൻഡ്ബാഗുകളുടെ ചരിത്രം

ഹാൻഡ്ബാഗുകളുടെ ചരിത്രം വളരെ പഴക്കമുള്ളതാണ്. പുരാതനകാലത്ത് സ്ത്രീകളും പുരുഷന്മാരും വസ്തുക്കൾ കൊണ്ടുനടക്കുന്നതിനായി ചെറിയ സഞ്ചികളും പൗച്ചുകളും ഉപയോഗിച്ചിരുന്നു. ആദ്യം പുരുഷന്മാരാണ് അരയിൽ കെട്ടിവെക്കുന്ന ചെറിയ സഞ്ചികൾ ഉപയോഗിച്ചിരുന്നത്. പിന്നീട് ജീവിതശൈലിയിലും വസ്ത്രധാരണ രീതികളിലും വന്ന മാറ്റങ്ങളോടെ ബാഗുകളുടെ രൂപത്തിലും ഘടനയിലും മാറ്റങ്ങൾ ഉണ്ടായി. സ്ത്രീകളുടെ വസ്ത്രങ്ങളിൽ വന്ന സിലൗട്ട് മാറ്റങ്ങളും ഇതിന് ഒരു പ്രധാന കാരണമായി പറയപ്പെടുന്നു. വസ്ത്രങ്ങളിൽ പോക്കറ്റുകൾ കുറയുകയും വസ്ത്രങ്ങളുടെ രൂപഭംഗി മാറുകയും ചെയ്തതോടെ, ഹാൻഡ്ബാഗുകൾ ഒരു ആവശ്യകതയായി മാറി. പിന്നീട് ക്ലച്ച്



ബാഗുകൾ പോലുള്ള വിവിധ സ്റ്റൈലുകൾ ഫാഷൻ ലോകത്ത് ട്രെൻഡായി മാറി.

ആദ്യകാലത്ത് ഹാൻഡ്ബാഗുകൾ പൂർണമായും പ്രായോഗിക ആവശ്യങ്ങൾക്കായിട്ടായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ കാലക്രമേണ ഫാഷൻ വ്യവസായത്തിന്റെ വളർച്ചയോടൊപ്പം, ബാഗുകൾ ഒരു ഫാഷൻ സ്റ്റേറ്റ്മെന്റായി മാറി. പണ്ടുകാലത്ത് ആളുകൾ ബാഗുകൾ തോളിൽ ഇട്ടുകൊണ്ടാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ കൈപ്പത്തിയിൽ പിടിച്ചു കൊണ്ടു നടക്കുന്ന ബാഗുകളും ഫാഷനായി മാറിയിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ഉപയോഗിക്കാനാകുന്ന യൂണിസെക്സ് ബാഗ് ഡിസൈനുകളും ഇന്ന് വിപണിയിൽ ലഭ്യമാണ്.

## സോഷ്യൽ മീഡിയയും വാട്ട്സ് ഇൻ മൈ ബാഗ് ട്രെൻഡും

സോഷ്യൽ മീഡിയയുടെ വളർച്ചയോടെ ഹാൻഡ്ബാഗുകൾക്ക് ലഭിച്ച പ്രചാരം വളരെ കൂടുതലാണ്. കുറച്ച് വർഷങ്ങളായി സോഷ്യൽ മീഡിയയിൽ ശ്രദ്ധേയമായ ഒരു ട്രെൻഡാണ് ‘വാട്ട്സ് ഇൻ മൈ ബാഗ്’. സിനിമാ താരങ്ങളും സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരും അവരുടെ ഹാൻഡ്ബാഗുകളിൽ എന്തെല്ലാം വസ്തുക്കളാണ് കൊണ്ടുനടക്കുന്നതെന്ന് കാണിക്കുന്ന ഈ ട്രെൻഡിന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ഈ ട്രെൻഡിന് ഇത്രയും പ്രചാരം ലഭിക്കാൻ പ്രധാന കാരണം, ആളുകൾക്ക് സെലിബ്രിറ്റികളുടെ ജീവിതശൈലിയും അവർ ഉപയോഗിക്കുന്ന ബ്രാൻഡുകളും അറിയാനുള്ള കൗതുകമാണ്. ഇതിലൂടെ ഹാൻഡ്ബാഗുകൾ ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ ഭാഗമായും അവരുടെ ലൈഫ് സ്റ്റൈലിന്റെ പ്രതീകമായും ആളുകൾ കാണാൻ തുടങ്ങുകയായിരുന്നു.

## ലക്സറി ഹാൻഡ്ബാഗുകളും ബ്രാൻഡിംഗിന്റെ പങ്കും

ലക്സറി ഹാൻഡ്ബാഗുകളുടെ പ്രാധാന്യം വർധിക്കാൻ പ്രധാന കാരണങ്ങളിൽ ഒന്നാണ് ബ്രാൻഡിംഗ്. ഒരു ബ്രാൻഡിന്റെ ലോഗോ, പ്രത്യേക പാറ്റേൺ, ബ്രാൻഡിന്റെ ചരിത്രം, പരിമിതമായ എണ്ണം മാത്രമുള്ള മോഡലുകൾ എന്നിവയൊക്കെ ചേർന്നാണ് ഒരു ഹാൻഡ്ബാഗ് ‘ലക്സറി’ വിഭാഗത്തിലേക്ക് ഉയർന്നുപോകുന്നത്. പ്രശസ്ത വ്യക്തികൾ ഉപയോഗിക്കുന്ന ബാഗുകൾക്കും കൂടുതൽ പ്രചാരവും മൂല്യവും ലഭിക്കുന്നു. ഇതുവഴി ആളുകൾക്ക് ആ ബ്രാൻഡുകളോടുള്ള ആകർഷണം കൂടുന്നു.

ഡിസൈൻ, മെറ്റീരിയൽ, കൈവേല, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ഗുണനിലവാരം, എന്നിവയാണ് ഇവയെ സാധാരണ ബാഗുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ചില ബാഗുകളുടെ രൂപം തന്നെ ദൂരത്ത് നിന്നാൽ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ളതാണ്. ഇതുവഴി അവയ്ക്ക് പ്രത്യേക ഐഡന്റിറ്റിയും മൂല്യവും ലഭിക്കുന്നു.

## മാനസികവും സാമൂഹികവുമായ മൂല്യം

ലക്സറി ഹാൻഡ്ബാഗുകൾ ആളുകളിൽ ഒരു മാനസിക ബന്ധം സൃഷ്ടിക്കുന്നുവെന്ന അഭിപ്രായവും നിലനിൽക്കുന്നു. ചിലർക്ക് അത് ഒരു വിജയത്തിന്റെ അടയാളമായി തോന്നും. ചിലർക്ക് അത് അവരുടെ സ്വപ്നം നേടിയതിന്റെ പ്രതീകമായിരിക്കും. സാമൂഹിക അംഗീകാരം, സ്റ്റാറ്റസ്, വ്യക്തിപരമായ അഭിമാനം എന്നിവയും ലക്സറി ഹാൻഡ്ബാഗുകളുടെ പ്രാധാന്യം വർധിപ്പിക്കുന്ന ഘടകങ്ങളാണ്.

## ഫാഷൻ വ്യവസായത്തിലെ സാമ്പത്തിക പ്രാധാന്യം

ബിസിനസ് തലത്തിൽ നോക്കുമ്പോൾ, ഹാൻഡ്ബാഗുകൾ ഫാഷൻ ബ്രാൻഡുകൾക്ക് സ്ഥിരമായ വരുമാനം നൽകുന്ന പ്രധാന ഉൽപ്പന്ന വിഭാഗങ്ങളിൽ ഒന്നാണ്. ചില ലക്സറി ബാഗുകൾ



പിന്നീട് വീണ്ടും വിൽക്കുമ്പോഴും അവരുടെ മൂല്യം നിലനിർത്തുന്നുന്നെന്ന് കാണാം. ഇതുവഴി അവ ഒരു ഫാഷൻ ഉൽപ്പന്നമെന്നതിലുപരി ഒരു നിക്ഷേപ വസ്തുവായും പരിഗണിക്കപ്പെടുന്നു. ഹാൻഡ്ബാഗുകൾ ഇന്ന് വെറും ഒരു ആക്സസറി മാത്രമല്ല. വ്യക്തിത്വം, സ്റ്റാറ്റസ്, ഫാഷൻ, ബ്രാൻഡിംഗ്, സാമ്പത്തിക മൂല്യം എന്നിവയെല്ലാം ചേർന്ന ഒരു പ്രതീകമായി ഹാൻഡ്ബാഗുകൾ മാറിയിരിക്കുകയാണ്. ഡിസൈൻ, ബ്രാൻഡിംഗ്, സാമൂഹിക സ്വീകാര്യത എന്നിവയുടെ കൂട്ടായ്മയാണ് ലക്സറി ഹാൻഡ്ബാഗുകളെ ഒരു സ്റ്റാറ്റസ് സിംബോളാക്കി മാറ്റിയത് എന്ന് പറയാം.



# ശസ്ത്രക്രിയാനന്തര മസ്തിഷ്ക വികസനം: അമൃതയിൽ ദേശീയ സെമിനാർ ശ്രദ്ധേയമായി

**കൊച്ചി:** ഹൃദയ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള കുട്ടികളുടെ മസ്തിഷ്ക വികസനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൊച്ചി അമൃത ആശുപത്രി, ദേശീയ സെമിനാർ സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശിശുരോഗ വിദഗ്ധർ പങ്കെടുത്ത പരിപാടിയിൽ, കുട്ടികളുടെ ജീവൻ രക്ഷ മാത്രമല്ല, അവർ എങ്ങനെ വളരുന്നു, പഠിക്കുന്നു, ദൈനംദിന ജീവിതം കൈകാര്യം ചെയ്യുന്നു എന്നതിലേക്കും ശ്രദ്ധ നൽകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. കോൺജെനിറ്റൽ ഹൃദയരോഗമുള്ള (CHD) കുട്ടികളിൽ ശ്രദ്ധ, അഡാപ്റ്റീവ് സ്കിൽസ് തുടങ്ങിയ മേഖലകളിൽ പ്രത്യേകമായ ന്യൂറോ-ഡെവലപ്മെന്റൽ വെല്ലുവിളികൾ കാണപ്പെടുന്നുവെന്നും, കുട്ടി വളരുന്നതിനൊപ്പം ഇവ കൂടുതൽ വ്യക്തമായി പ്രകടമാകുന്നതാണെന്നും വിദഗ്ധർ വ്യക്തമാക്കി.

പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ കീഴിലുള്ള 'പ്രോജക്ട് മേധ' യുടെ ആഭിമുഖ്യത്തിൽ മാർച്ച് 28-ന് നടന്ന പരിപാടി അമൃത വിശ്വവിദ്യാപീഠം റിസർച്ച് ഡീൻ ഡോ. ഡി.എം. വാസുദേവൻ ഉദ്ഘാടനം ചെയ്തു. യു.കെയിലെ റോയൽ ഹോസ്പിറ്റൽ ഫോർ സിക്ക് ചിൽഡ്രനിലെ ഡോ. കിർസ്റ്റൻ വെരിറ്റി, തിരുവനന്തപുരം CDC ഡയറക്ടർ ഡോ. ദീപ ഭാസ്കരൻ, ഭാരത സർക്കാർ RBSK മുൻ ദേശീയ ഉപദേഷ്ടാവ് ഡോ. അരുൺ സിംഗ്, ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ സോഷ്യൽ സയൻസ് വിഭാഗം ഡീൻ ഡോ. ജയശങ്കര റെഡ്ഡി എന്നിവർ പങ്കെടുത്തു. പഠനം, എക്സിക്യൂട്ടീവ് സ്കിൽസ്, അഡാപ്റ്റീവ് പെരുമാറ്റം എന്നിവയ്ക്ക് പ്രാധാന്യം നൽകുകയും പ്രാരംഭ അസസ്മെന്റും തുടർച്ചയായ ഫോളോ-അപ്പും നിർണായകമാണെന്നും അവർ ചൂണ്ടിക്കാട്ടി.




ബാംഗ്ലൂരിലെ പ്രേംജി ഇൻവെസ്റ്റ് സാമ്പത്തിക പിന്തുണ നൽകുന്ന CSR പദ്ധതിയായ പ്രോജക്ട് മേധയുടെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചത്. കോൺജെനിറ്റൽ ഹൃദയരോഗമുള്ള കുട്ടികളുടെ ന്യൂറോ-ഡെവലപ്മെന്റൽ പരിചരണവും ചികിത്സാഫലങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്. കാർഡിയാക് പരിചരണത്തിന്റെ തുടർച്ചയായ ഘട്ടങ്ങളിലുടനീളം ന്യൂറോ-ഡെവലപ്മെന്റൽ അസസ്മെന്റ് സാധാരണ പ്രാക്ടീസായി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ചകളിൽ ഊന്നിപ്പറഞ്ഞു.

കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. ആർ. കൃഷ്ണകുമാറും പീഡിയാട്രിക്സ് വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ഡോ. മനു രാജും നേതൃത്വം നൽകിയ ഈ പ്രവർത്തനത്തിന് പ്രോജക്ട് മേധയുടെ നാഷണൽ കോർഡിനേറ്റർ മിസ് സോനം മനോജ് ആശയരൂപീകരണ പിന്തുണ നൽകി. ന്യൂറോഡെവലപ്മെന്റൽ & കോഗ്നിറ്റീവ് കെയർ യൂണിറ്റിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യയിൽ ഇത്തരം വിഷയങ്ങളെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന സെമിനാറുകളിൽ ഒന്നായ ഈ പരിപാടി, ഹൃദയരോഗമുള്ള കുട്ടികൾക്ക് ജീവൻ രക്ഷിക്കുന്നത് മാത്രമല്ല, അവരുടെ ദൈനംദിന ജീവിതത്തിൽ മികച്ച രീതിയിൽ മുന്നേറാൻ സഹായിക്കുന്ന പരിചരണ രീതികൾ രൂപപ്പെടുത്തുന്നതിന് വഴിയൊരുക്കുന്നതാണ്.

# ബെന്നി ജോസഫ് എച്ച്എൽഎൽ ഡയറക്ടറായി ചുമതലയേറ്റു

**കൊച്ചി:** കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ ഡയറക്ടറായി (ടെക്നിക്കൽ & ഓപ്പറേഷൻസ്) ബെന്നി ജോസഫ് ചുമതലയേറ്റു.



എച്ച്എൽഎൽ ഇൻഫ്രാടെക് സർവ്വീസസിന്റെ (HITES) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും, വൈസ് പ്രസിഡൻറ് (GAPL), വൈസ് പ്രസിഡൻറ് ആൻഡ് ഗ്രൂപ്പ് ഹെഡ് (ഫാർമ) ആയും പ്രവർത്തിച്ചു വരികയായിരുന്നു. കൂടാതെ പേരൂർക്കട, ആക്കുളം യൂണിറ്റുകളിലെ വിവിധ നിർമ്മാണ വിഭാഗങ്ങളുടെ കൺട്രോളിങ് ഓഫീസർ ആയും പ്രവർത്തിച്ചിട്ടുണ്ട്.

ബ്ലഡ് ബാഗുകൾ, കോപ്പർ-ടി, ഗർഭനിരോധന ഉറകൾ തുടങ്ങി എച്ച്എൽഎല്ലിന്റെ നിർണ്ണായക മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ ചുമതലകൾക്ക് നേതൃത്വം നൽകിയിട്ടുള്ള അദ്ദേഹം, കമ്പനിയുടെ പ്രവർത്തന സംവിധാനങ്ങളെ അന്താരാഷ്ട്ര ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിലും മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്.

2015-ൽ റീട്ടെയ്ൽ ബിസിനസ് ഡിവിഷന്റെ നേതൃത്വം ഏറ്റെടുത്ത അദ്ദേഹത്തിന്റെ കീഴിൽ 2016-ൽ 75 കോടി രൂപയായിരുന്ന വിറ്റുവരവ് 2026-ൽ 2,600 കോടി രൂപയായി വർദ്ധിച്ചു.

നിലവിൽ 24 സംസ്ഥാനങ്ങളിലും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 300-ലധികം ഫാർമസി ഔട്ട്ലെറ്റുകളാണ് എച്ച്എൽഎൽ പ്രവർത്തിപ്പിക്കുന്നത്.

തൃശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നിന്ന് ബി.ടെക് കെമിക്കൽ എൻജിനീയറിങ്ങിൽ സ്വർണ്ണമെഡൽ ജേതാവായ ശ്രീ. ബെന്നി ജോസഫ്, കോട്ടയം കാണക്കാരി കണിയാംമാട്ടേൽ കുടുംബാംഗമാണ്. ബോബി മാത്യുവാണ് ഭാര്യ. ജസ്റ്റിൻ, ജെറിൻ, ജിതിൻ എന്നിവർ മക്കളാണ്.

# ആഗോള രാഷ്ട്രീയ സാഹചര്യങ്ങൾക്ക് ഒപ്പം പണ ലഭ്യതയും കേന്ദ്ര ബാങ്കുകളുടെ നയങ്ങളും സ്വർണത്തിന്റെ ഗതി നിർണയിക്കുമെന്ന് പഠനം

**കൊച്ചി:** ദുർബലമായ ഡോളറിന്റെയും എളുപ്പത്തിലുള്ള പണത്തിന്റെയും പ്രധാനമായ പിന്തുണയോടെ സ്വർണ വില ഈ വർഷം തുടക്കം വരെ ശക്തമായി ഉയരുകയായിരുന്നു. ഇതിന്റെ തുടർച്ചയായി ഇനി ഏതു ദിശയിലേക്കാവും പ്രയാണം എന്നതും നിക്ഷേപകരെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ടതാണ്. ഈ വർഷം മാർച്ച് അവസാനത്തോടെ 2025 ഡിസംബറിലെ നിലയിലേക്കു താഴ്ന്ന സ്വർണം ഇനിയെങ്ങോട്ട് എന്നത് ഏറെ ചർച്ച ചെയ്യപ്പെടുകയാണ്.

ഇറാൻ- അമേരിക്ക സംഘർഷങ്ങൾ ഗൾഫ് മേഖലയിലെ എണ്ണ ഉൽപ്പാദക രാഷ്ട്രങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളാണെങ്കിൽ വലിയ തോതിലെ ലാഭം സ്വർണത്തിൽ നിക്ഷേപിക്കുന്നുമില്ല. 1983-ലെ പ്രതിസന്ധിയിൽ എണ്ണ ഉൽപാദക രാഷ്ട്രങ്ങൾ സ്വർണ ശേഖരം വിൽപന നടത്തിയതും ഇവിടെ പരിഗണിക്കേണ്ട ഒരു വസ്തുതയാണ്.



ഈ പശ്ചാത്തലങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ മാർച്ച് മാസത്തിൽ സ്വർണം ഒരാഴ്ചയ്ക്കുള്ളിൽ പത്തു ശതമാനമാണ് ഇടിഞ്ഞത്. അതായത് 1983-നു ശേഷമുള്ള ഒരാഴ്ചയിലെ ഏറ്റവും വലിയ പതനം. വെള്ളി ഇതേ ആഴ്ചയിൽ 15 ശതമാനവും ഇടിഞ്ഞു. രണ്ടു വർഷമായി തുടർന്ന സ്വർണം വാങ്ങൽ സെൻട്രൽ ബാങ്കുകൾ കുറക്കുന്നതും ഇതിനിടെ കാണാനായി.

സ്വർണ വിലയിലെ ഈ ചലനങ്ങൾ ലോകത്തിലെ ഏറ്റവും വലിയ സ്വർണ ഉപഭോക്താക്കളും ഏറ്റവും വലിയ സ്വർണ ഇറക്കുമതിക്കാരുമായ ഇന്ത്യയിൽ നേരിട്ടുള്ള പ്രതിഫലനങ്ങളാണു സൃഷ്ടിക്കുക. സ്വർണ വില ഉയരുമ്പോൾ ഇന്ത്യയുടെ ഇറക്കുമതി ബിൽ വർധിക്കുകയും ചെയ്യും. എങ്കിൽ തന്നെയും അടുത്തിടെ ഉണ്ടായ സ്വർണ വില വർധനവ് ഇന്ത്യയുടെ ദീർഘകാല തന്ത്രങ്ങളിൽ മാറ്റമൊന്നും വരുത്തിയില്ല. അതുകൊണ്ടു തന്നെ ഇപ്പോഴത്തെ സാഹചര്യം റിസർവ് ബാങ്കിന് അൽപം കുറഞ്ഞ നിരക്കിൽ സ്വർണം ശേഖരിക്കാനുള്ള അവസരമാണു നൽകുന്നത്.

സ്വർണം നിക്ഷേപമായി പരിഗണിക്കുന്നവർക്കിടയിൽ ഇനിയെന്ത് എന്നതും വലിയൊരു ചോദ്യമാണ്. ഭാവിയിൽ ഉയർച്ചയുാകും എന്ന പ്രതീക്ഷയിൽ ഇപ്പോൾ നിക്ഷേപം നടത്തുന്നവരു്. അത്തരമൊരു പ്രവണത ആരംഭിച്ചിട്ടുമുണ്ട്. എന്നാൽ ആഗോള സാഹചര്യങ്ങൾ എങ്ങനെ മാറും എന്നത് ഇവിടെ വലിയൊരു ഘടകമാണ്. വിപണിയിലെ പണ ലഭ്യത, കേന്ദ്ര ബാങ്കുകളുടെ നയങ്ങൾ എന്നിവ വരും നാളുകളിൽ സ്വർണത്തിന്റെ ഗതി നിർണയിക്കുന്ന സുപ്രധാന ഘടകങ്ങളായിരിക്കും.

# കാൽനൂറ്റാണ്ടിന്റെ കാത്തിരുപ്പിന് വിരാമം: പോൾ 25 വർഷത്തിന് ശേഷം വീട്ടിൽ വോട്ട് ചെയ്തു

**കൊച്ചി:** ശരീരം തളർന്നതോടെ അന്യമായിപ്പോയ തന്റെ വോട്ടവകാശം കാൽനൂറ്റാണ്ടിനു ശേഷം വിനിയോഗിച്ചതിന്റെ ആത്മസംതൃപ്തിയിലാണ് അരൂർ മണ്ഡലത്തിലെ പണിക്കശ്ശേരിയിൽ പോൾ. 25 വർഷങ്ങൾക്ക് മുമ്പുണ്ടായ അപ്രതീക്ഷിത അപകടമാണ് പാണാവള്ളി പഞ്ചായത്ത് സ്വദേശിയായ പോളിന്റെ ജീവിതം മാറ്റിമറിച്ചത്.

അപകടത്തിൽ ശരീരം തളർന്നുപോയതോടെ വീടിനുള്ളിലെ നാലുചുവരുകൾക്കുള്ളിലേക്ക് പോളിന്റെ ലോകം ഒതുങ്ങി. തുടർന്ന് നടന്ന ഒരു തിരഞ്ഞെടുപ്പിലും ബൂത്തിലെത്തി വോട്ട് രേഖപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. എന്നാൽ, ഇത്തവണ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയ 'ഹോം വോട്ടിംഗ്' സംവിധാനം പോളിന്റെ വലിയൊരു ആഗ്രഹമാണ് സാക്ഷാത്കരിച്ചത്. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വോട്ടു രേഖപ്പെടുത്താനായി വീട്ടിലെത്തുന്നത് കണ്ടപ്പോൾ സന്തോഷം കൊണ്ട് പോളിന്റെ കണ്ണുകൾ നിറഞ്ഞു. അരൂർ മണ്ഡലത്തിലാണ് പോൾ ഉൾപ്പെടുന്നത്.

'ഇതെന്റെ 25 വർഷത്തെ കാത്തിരിപ്പാണ്... വലിയ സന്തോഷമുണ്ട്'- വോട്ട് രേഖപ്പെടുത്തിയ ശേഷം ഉദ്യോഗസ്ഥരോട് പോൾ പറഞ്ഞു.

നീണ്ട ഇടവേളയ്ക്ക് ശേഷം തന്റെ വിരലിൽ പുര തിരഞ്ഞെടുപ്പ് മഷി പോളിന് വെറുമൊരു അടയാളമായിരുന്നില്ല, മറിച്ച് അദ്ദേഹത്തിന്റെ തിരഞ്ഞെടുക്കാനുള്ള അവകാശത്തിന് കിട്ടിയ അംഗീകാരമായിരുന്നു. പ്രസിഡിങ് ഓഫീസർ സലീഷ് കുമാർ, പോളിംഗ് ഓഫീസർ സി. ആശാമണി, മൈക്രോ ഒബ്സർവർ എം.ജി. സിനു, സീനിയർ സി.പി.ഒ എം. അരുൺ കുമാർ എന്നിവരടങ്ങിയ സംഘമാണ് ഹോം വോട്ടിംഗ് നടപടികൾ പൂർത്തിയാക്കിയത്. ബി എൽ ഓ മഞ്ജുഷ കെ എം സ്ഥലത്തുണ്ടായിരുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ജനകീയവും സൗകര്യപ്രദവുമാക്കുന്നതിന്റെ ഭാഗമായി 85 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും (എ വി എസ് സി), ഭിന്നശേഷിക്കാരായ വോട്ടർമാർക്കുമാണ് ( എ വി പി ഡി ) വീടുകളിൽ വോട്ട് ചെയ്യാൻ (ഹോം വോട്ടിംഗ്) സൗകര്യമൊരുക്കിയിരിക്കുന്നത്.



ഹോം വോട്ടിംഗ് ചെയ്യിക്കാൻ വീട്ടിലെത്തിയ ഉദ്യോഗസ്ഥർക്കൊപ്പം *പോൾ.*

# ഗ്രാവൈറ്റിന്റെ കരുത്തിൽ നിസ്സാൻ വിൽപ്പനയിൽ 98% കുതിപ്പ്



**കൊച്ചി:** നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എൻഎംഐപിഎൽ) 2026 മാർച്ചിൽ 10,388 യൂണിറ്റുകളുടെ മൊത്തം വിൽപ്പനയുമായി മികച്ച പ്രകടനം കാഴ്ചവച്ചു.

ആഭ്യന്തര മൊത്തവ്യാപാരം 4,408 യൂണിറ്റുകളായി, കഴിഞ്ഞ 5 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പ്രതിമാസ ആഭ്യന്തര മൊത്തവ്യാപാര റെക്കോർഡാണിത്. ഇത് ആഭ്യന്തര മൊത്തവ്യാപാരത്തിൽ ഫെബ്രുവരിയെ അപേക്ഷിച്ച് 98% വളർച്ചയാണ് രേഖപ്പെടുത്തിയത്. മാർച്ച് മാസത്തെ കയറ്റുമതി 5,980 യൂണിറ്റുകളാണ്.

പുതിയ ഗ്രാവൈറ്റിന്റെ ഉപഭോക്തൃ ഡെലിവറികൾ ആരംഭിച്ചതും നിസ്സാൻ മാഗ്നൈറ്റിന്റെ സ്ഥിരതയാർന്ന പ്രകടനവും ഉൽപ്പാദനശേഷി വർധനയും വളർച്ചയ്ക്ക് കാരണമായി. ആഭ്യന്തര വിൽപ്പനയിലെ ഈ മുന്നേറ്റം ഉപഭോക്താക്കളുടെ മികച്ച പ്രതികരണത്തിന്റെ തെളിവാണെന്ന് മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

